# വനാമി ചെമ്മീൻ വളർത്തൽ


മത്സ്യം

ഡോ. പി.എ. വികാസ്

സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ, കൊച്ചി. e-mail: kvkernakulam@yahoo.co.in




*? എന്താണ് വനാമി ചെമ്മീൻ, എങ്ങനെ വളർത്താം.*

● ഓരുജലത്തിൽ (10 മുതൽ 25 ppt) വളർത്താവുന്ന ചെമ്മീനാണ് വനാമി. ഇവയെ വളർത്താൻ കോസ്റ്റൽ അക്വാകൾച്ചർ അതോറിറ്റി (CAA) യുടെ ലൈസൻസ് ആവശ്യമാണ്. ഇതിനായി CAA വെബ്സൈറ്റിൽനിന്ന് അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ചു ഭൂമിയുടെ ഉടമസ്ഥാവകാശം, കുളത്തിന്റെ പ്ലാൻ, ജലസ്രോതസ്സിന്റെ വിശദാംശങ്ങൾ, പരിസ്ഥിതി മാനദണ്ഡങ്ങൾ എന്നിവ സഹിതം സമർപ്പിക്കണം. CAA ഉദ്യോഗസ്ഥർ പരിശോധന നടത്തി ബയോ സെക്യൂരിറ്റി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെങ്കിൽ 5 വർഷത്തേക്ക് ലൈസൻസ് നൽകും. വെള്ളം കയറ്റിയിറക്കാതെ സീറോ വാട്ടർ എക്സ്ചേഞ്ച് രീതിയിൽ മാത്രമേ ഈ കൃഷി അനുവദിക്കുകയുള്ളൂ.

സ്പെസിഫിക് പാത്തൊജൻ ഫ്രീ (SPF) വിത്തുകൾ മാത്രം വാങ്ങുക. ഇവയ്ക്കുള്ള തീറ്റയിൽ 30 മുതൽ 35 ശതമാനം മാംസ്യവും 5 മുതൽ 8 ശതമാനം വരെ കൊഴുപ്പും വേണം. 4 മാസത്തെ വളർച്ചക്കാലയളവിൽ വനാമി ചെമ്മീൻ 30 ഗ്രാം വരെ തൂക്കം വയ്ക്കും. 1.5 മീറ്റർ ആഴമുള്ള കുളങ്ങളാണ് വനാമിക്കു വേണ്ടത്. അയൽ നാടുകളിൽനിന്നാണ് വനാമി വിത്തുകൾ വരുന്നത്.

കൃത്രിമക്കുളങ്ങൾ നിർമിച്ചും ബയോഫ്ലോക് രീതിയിലും വനാമി കൃഷി ചെയ്യുന്നവരുണ്ട്. ഏറെ സാങ്കേതിക പരിജ്ഞാനവും പരിചയവും വേണ്ട മേഖലയാണിത്. ഉയർന്ന സാന്ദ്രതയിൽ വളർത്താമെന്നതാണ് കൃത്രിമക്കുളങ്ങളിൽ വനാമി വളർത്തലിന് അനുകൂല ഘടകം. ഒരു കിലോ വനാമി ചെമ്മീൻ ഉൽപാദിപ്പിക്കാൻ ശരാശരി 230 രൂപ ചെലവു വരും. ആഭ്യന്തര, കയറ്റുമതി വിപണിയിൽ ആവശ്യക്കാർ ഏറെയുള്ളതിനാൽ വിൽപന പ്രശ്നമല്ല.

